| COA | FO | DD(O&M) | TRG |
|---|---|---|---|
| 16 OCT 2024 846 | | | |
| AO | PO | DD(R&D) | GIS |

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്
നം. ആർഎ1/427/2024-തസ്വഭവ
തിരുവനന്തപുരം,
തീയതി: 12-10-2024

## സർക്കുലർ

വിഷയം:- ദേശീയപാതയുടെ സർവ്വീസ് റോഡുകളുടെ വശത്ത് താമസാവശ്യത്തിനായി നിർമ്മിക്കുന്ന വീടുകൾക്ക് നാഷണൽ ഹൈവേ അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് - സ്പഷ്ടീകരണം -സംബന്ധിച്ച്.

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജില്ലാതല തദ്ദേശ അദാലത്തിൽ കാസറഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിൽ ദേശീയ പാത അതോറിറ്റിയിൽ നിന്നുള്ള ആക്സസ് പെർമിറ്റ് ലഭ്യമാക്കാത്തതിനെ തുടർന്ന് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. ദേശീയപാതയുമായി ബന്ധപ്പെട്ട് ആക്സസ് പെർമിറ്റ് തേടുന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നതായും ദേശീയ പാതയുമായി ബന്ധപ്പെട്ട സർവ്വീസ് റോഡുകളുടെ വശങ്ങളിലും കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിന് പല തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും ആക്സസ് പെർമിറ്റ് ആവശ്യപ്പെടുന്നതായും അതിനാൽ പൊതുജനങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിന് കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ പാതയുമായി ബന്ധപ്പെട്ട സർവീസ് റോഡുകളുടെ വശങ്ങളിൽ താമസാവശ്യത്തിനായി നിർമ്മിക്കുന്ന വീടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കെട്ടിട നിർമ്മാണ അനുമതിക്കായി നാഷണൽ ഹൈവേ അതോറിറ്റിയുടെ ആക്സസ് പെർമിറ്റ് നേടിയിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ലെന്നും കെട്ടിടനിർമ്മാണ ചട്ടങ്ങളിലും നഗരാസൂത്രണ പദ്ധതികളിലും (ബാധകമായ ഇടങ്ങളിൽ) നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം കെട്ടിടനിർമ്മാണ പെർമിറ്റ് സമയപരിധിക്കുള്ളിൽ തന്നെ നൽകേണ്ടതാണെന്നും നിർദ്ദേശം നൽകുന്നു.

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

Signed by
Shini Pereira. V
Date: 15-10-2024 21:01:22

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന )

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

(ബന്ധപ്പെട്ട ഡയറക്ടർ മുഖേന )

ഡയറക്ടർ ജനറൽ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും ( തദ്ദേശ സ്വയം ഭരണ വകുപ്പ്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.